ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധനയിലാണ്.

പേരാമ്പ്ര താലൂക്ക് രൂപീകരണം

1315 [1967] ശ്രീ. എ.കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കാര്യത്തിൽ ഗവൺമെന്റ് എന്തു നിലപാടാണ് എടുത്തിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) താലൂക്കുകൾ പൊതുവായി പുനഃസംഘടിപ്പിക്കുമ്പോൾ പരിഗണിക്കാവുന്നതാണ്.

പട്ടണങ്ങളിൽ താമസിക്കുന്ന ഭൂരഹിതരായ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി

1316 [1969] ശ്രീ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ പട്ടണത്തിൽ സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകും എന്ന് ഉറപ്പു നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഉറപ്പു പാലിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) എന്നാലും ആളുകളെ പുനരധിവസിപ്പിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

(ബി, സി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂദാൻ കോളനിയിലെ കുടുംബങ്ങൾ

1317 [1970] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മംഗലാപുരം പഞ്ചായത്തിൽ ഭൂദാൻ കോളനിയിൽ കഴിഞ്ഞ 31 വർഷമായി ഭൂമി കൈവശം വച്ചു വീടുകെട്ടി കഴിയുന്ന കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം കിട്ടിയിട്ടില്ലായെന്ന് പരാതി ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) പ്രസ്തുത ഭൂമി ഭൂദാൻ പ്രസ്ഥാനം വഴി ലഭിച്ചതാണെന്ന പ്രസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കൈവശക്കാരിൽ നിന്ന് അപേക്ഷകൾ ശേഖരിച്ച് പട്ടയം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തഹശീൽദാർക്ക് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

വ്യാജരേഖയുണ്ടാക്കി പതിച്ചെടുത്ത ഭൂമി

1318 [1974] ശ്രീ. വർക്കല രാധാകൃഷ്ണൻ :
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള :
,, വി.ജെ. തങ്കപ്പൻ :
,, ടി.കെ. ഹംസ :
,, എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃത്രിമരേഖയുണ്ടാക്കി സർക്കാർ ഭൂമി കൈവശപ്പെടുത്തിയ എന്തെങ്കിലും സംഭവം ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽപ്പെട്ട അഴൂർ വില്ലേജിൽ 1738 സർവ്വേ നമ്പർ പ്രകാരമുള്ള 15 ഏക്കർ സർക്കാർ ഭൂമി ആർക്കെങ്കിലും പതിച്ചു നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ആർക്ക് ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) ഇല്ല.

വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവയ്ക്ക് ലഭിച്ച കേന്ദ്രസഹായം

1319 [1979] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, 1986 സെപ്റ്റംബർ 30 വരെ വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് കേരളത്തിന് അനുവദിച്ച തുക സംസ്ഥാന ഗവൺമെന്റ് വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly